കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# മുരിയാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം .കെ.എസ്.എ.ടി.എസ്.ആർ.(പി 7)445/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020, Ph. No. .0487 2331249.

e-mail: dotsr.ksad@kerala.gov.in
തിയതി:03.04.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
മുരിയാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുരിയാട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ

15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാനഓഡിറ്റ് വകുപ്പ്ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ.(പി )445/2019 തിയതി:03.04.2019

തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 5.10.2017 മുതൽ 8.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2017-18 ലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സൈമൺ കെ., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.03.2019 മുതൽ 23.03.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ലത എം.എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീമതി.വിജയശ്രീ .പി, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. സോന.കെ.സത്യൻ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| പേരും ഉദ്യോഗപ്പേരും | കാലാവധി |
|---|---|
| പ്രസിഡന്റ്, സരളാ വിക്രമൻ | 01/04/2017 മുതൽ 31/03/2018 വരെ |

| | |
|---|---|
| ശാലിനി എം. സെക്രട്ടറി | 01/04/2017 മുതൽ 29/04/2017 FN വരെ |
| സബിത ജി. - സെക്രട്ടറി | 29/04/2017 FN മുതൽ<br><br>17/06/2017 FN വരെ |
| സജീവ്കുമാർ കെ. ബി - സെക്രട്ടറി | 17/06/2017 FN മുതൽ 31/03/2018 വരെ |

<u>നിർവ്വഹണോദ്യഗസ്ഥർ</u>

| പേരും ഉദ്യോഗപ്പേരും | കാലാവധി |
|---|---|
| ശാലിനി എം, അസി. സെക്രട്ടറി | 01/04/2017 മുതൽ 31/03/2018 വരെ |
| അഞ്ജലി സി.കെ -അസി. എഞ്ചിനീയർ | 01/04/2017 മുതൽ 04/10/2017 വരെ |
| നീലൂൽഫർ ബാനു – അസി. എഞ്ചിനീയർ | 05/10/2017 മുതൽ 31/03/2018 വരെ |
| മനേഷ് സി.കെ - വി.ഇ .ഒ,പുല്ലൂർ | 01/04/2017 മുതൽ 31/03/2018 വരെ |
| ദീപ കെ.വി - വി.ഇ ഒ ,മുരിയാട് | 01/04/2017 മുതൽ 31/03/2018 |
| ഡോ.രേഖ എൽ എസ് - മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01/04/2017 മുതൽ 31/03/2018 വരെ |
| ഡോ. സിനി രമ്യ - മെഡിക്കൽ ഓഫീസർ ഹോമിയോ | 01/04/2017 മുതൽ 31/03/2018 വരെ |
| ഡോ. പ്രഭ കെ നമ്പൂതിരി - അസി. സർജ്ജൻ- | 01/04/2017മുതൽ 31/03/2018 വരെ |
| ഷീബ എൽ നാലപ്പാട്ട് - ഐ.സി.ഡി എസ് സൂപ്പർ വൈസർ | 01/04/2017 മുതൽ 31/03/2018 വരെ |
| ഡോ. ഷൈമ ഷിബു - വെററിനെറി സർജ്ജൻ | 01/04/2017 മുതൽ 04/06/2017 വരെ |
| ഡോ. പ്രദീപ്. സി.എ - വെററിനെറി സർജ്ജൻ | 05/06/2017 മുതൽ 31/03/2018 വരെ |
| ഇഷാ മുരളി,ഡയറി ഫാം ഇൻസ്ട്രക്ടർ | 01/04/2017 മുതൽ 31/03/2018 വരെ |
| റിസാമോൾ സൈമൺ-കൃഷി ഓഫീസർ | 01/04/2017 മുതൽ 23/08/2017 വരെ (പൂർവ്വാഹ്നം) |
| അജിത് മോഹൻ എൻ.കെ -കൃഷി ഓഫീസർ | 23/08/2017 മുതൽ (പൂർവ്വാഹ്നം) 12/10/2017 വരെ |
| രാധിക കെ.യു -കൃഷി ഓഫീസർ | 13/10/2017 മുതൽ 31/03/2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തൊഴിലുറപ്പ് പദ്ധതിനത് വരുമാനം | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1.12 |
| | ഭാഗം-2 | |
| 13 | രശീതി ഉപയോഗം- അപാകതകൾ | 2.1 |
| 14 | കളക്ഷൻ ചാർജ് - ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാക്കാവുന്നതാണ് | 2.2 |
| 15 | ഡി.ആന്റ്.ഒ ലൈസൻസ് നൽകൽ - പൊതു അപാകതകൾ | 2.3 |
| 16 | മിനറൽ വാട്ടർ യൂണിറ്റുകൾ - സർക്കാർ നിർദ്ദേശം ഉറപ്പാക്കേണ്ടതാണ് | 2-4 |
| 17 | അഗ്നിസുരക്ഷാ മാനദണ്ഡം - സാക്ഷ്യപത്രം ഉറപ്പാക്കിയില്ല | 2-5 |
| 18 | വസ്തുനികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു | 2-6 |
| 19 | വസ്തുനികുതി നിർണ്ണയം- വഴി സൗകര്യത്തിന് ആനുപാതികമായ വർദ്ധനവ് വരുത്തിയില്ല | 2-7 |
| 20 | ഡാറ്റാബാങ്ക് വിജ്ഞാപനം | 2-8 |
| | ഭാഗം-3 | |
| 21 | പതിന്നാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി വിനിയോഗിച്ചു | 3.1 |
| 22 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം മാർഗ്ഗരേഖയ്ക്കു വിരുദ്ധം | 3.2 |
| 23 | മരാമത്ത് പ്രവൃത്തികൾക്ക് സമയ പരിധി നീട്ടി അനുവദിച്ചു.അനുബന്ധരേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല | 3.3 |
| 24 | പൊതുമരാമത്ത് പ്രവൃത്തികളിലെ നിർവ്വഹണത്തിലെ പോരായ്മകൾ | 3.4 |
| 25 | തെരുവുവിളക്ക് പരിപാലനം-തെരുവിളക്ക് സാമഗ്രികളുടെ കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതാണ് | 3.5 |

| | | |
|---|---|---|
| 26 | വെർട്ടിക്കൽ പമ്പ് സെറ്റ് തുക കൈമാറൽ-അപാകതകൾ | 3.6 |
| 27 | കർഷകർക്ക് സബ്സിഡി വിതരണം-തുക കൃത്യമായി ശുപാർശ ചെയ്യുന്നില്ല | 3.7 |
| 28 | മൃഗസംരക്ഷണ പദ്ധതികൾ-അപാകതകൾ | 3.8 |
| 29 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ | 3.9 |
| 30 | വെള്ളക്കരം- പൊതുടാപ്പുകളുടെ എണ്ണം ഉറപ്പാക്കിയില്ല | 3.10 |
| 31 | അഡ്വാൻസ് തുക നാളിതുവരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല | 3.11 |
| 32 | തനത് ഫണ്ട് ചെലവ് - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 3.12 |
| ഭാഗം-4 | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 34 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 36 | വായ്പ/വായ്പ തിരിച്ചടവ് | 4.4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 38 | ഓഡിറ്റ് റിക്കവറി | 4.6 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4.7 |
| 40 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4.8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4.9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4.10 |
| 43 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 44 | അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29/03/2017തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 26.03.2018 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

പ്രാരംഭ ബാക്കി -12259076.10
ആകെ വരവ്- 135601350
ആകെ വരവ്- 147860426

ആകെ ചെലവ്-137577752
നീക്കിയിരിപ്പ് -10282674
ബജറ്റ് പ്രകാരമുള്ള വരവുചെലവുകൾ യഥാർഥ വരവുചെലവുകളുമായി വളരെയേറെ അന്തരം പുലർത്തുന്നുണ്ട്. മുൻകാല വരവുചെലവുകൾ താരതമ്യം ചെയ്ത് വാസ്തവങ്ങൾക്ക് പൊരുത്തപ്പെട്ടും വിധം ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 31.05.18 | ------ | ----- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018 & 21.06.2018 | കെ.എസ്.എ.ടി.എസ്.ആർ (ഇ3) – 1150/18(43)/1.09.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹18856674 |
| വരവ് | ₹70304980 |
| ആകെ | ₹89161654 |
| ചെലവ് | ₹66064165 |
| നീക്കിയിരിപ്പ് | ₹23097489 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 15038000 | 15038000 | 14606696 | 431304 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 10673477 | 10673477 | 9636071 | 1037406 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 50979 | 50979 | 0 | 50979 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 9548000 | 9548000 | 9499168 | 48832 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3290000 | 3290000 | 2179431 | 1110569 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7062436 | 7062436 | 7059329 | 3107 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 2499293 | 2499293 | 2012231 | 487062 |
| സാക്ഷരത | | 1721 | 84900 | 85621 | 84900 | 1721 |
| സ്വാഭിമാൻ | | 282042 | 9160 | 291202 | 200 | 291002 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 7251784 | 7251784 | 7251784 | 0 |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 3909 | 1148320 | 1152229 | 1113988 | 38241 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ഐ.സിഡിഎസ് | | 501467 | 373388 | 874855 | 37730 | 837125 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| വിമുക്തി | | 25000 | 12500 | 37500 | 14870 | 22630 |
| സാനിറ്റേഷൻ | | 602044 | 142147 | 744191 | 296561 | 447630 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 5228 | 900000 | 905228 | 900000 | 5228 |
| | ജില്ലാ പഞ്ചായത്ത് | 0 | 900000 | 900000 | 400000 | 500000 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1764991 | 19699368 | 21464359 | 16692154 | 4772205 |
| | ട്രഷറി അക്കൗണ്ട് | 16753761 | 14164631 | 30918392 | 13756695 | 17161697 |
| ബി ഫണ്ട് | | | | | | |
| തൊഴിൽരഹിത വേതനം | | 0 | 45840 | 45840 | 45840 | 0 |
| കർഷകതൊഴിലാളി പെൻഷൻ | | 0 | 6283500 | 6283500 | 6283500 | 0 |
| വിധവാപെൻഷൻ | | 0 | 15038700 | 15038700 | 15038700 | 0 |
| വാർദ്ധക്യകാലപെൻഷൻ | | 0 | 22134200 | 22134200 | 22134200 | 0 |
| വികലാംഗപെൻഷൻ | | 0 | 3548300 | 3548300 | 3548300 | 0 |
| വിധവകളുടെ പെൺ മക്കൾക്ക് വിവാഹ ധനസഹായം | | 0 | 270000 | 270000 | 270000 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 193 | 77221920 | 147 | 48967862 | 41 | 5 | 63.41(സുലേഖ സോഫ്റ്റ്‌വെയർ പ്രകാരം) |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)ഹോമിയോ ആശുപത്രിക്ക് റാക്ക് വാങ്ങി നല്കൽ

2)തൊമ്മാന പടിഞ്ഞാറേപ്പാടം നീർത്തടപദ്ധതി-പഞ്ചായത്ത് വിഹിതം

3)പബ്ലിക് അഡ്രസ്സ് സിസ്റ്റം

4)വനിത സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി നല്കൽ

5)എസ്.സി.സ്വയംതൊഴിലിന് ടാക്സികാർ/പിക്കപ്പ് വാൻ വാങ്ങുന്നതിന് ധനസഹായം

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3909 | 1148320 | 1152229 | 1113988 | 38241 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 7251784 | 7251784 | 7251784 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 45,840 | 74 |
| കർഷകതൊഴിലാളി പെൻഷൻ | 62,83,500 | 518 |
| വിധവാപെൻഷൻ | 1,50,38,700 | 1348 |
| വാർദ്ധക്യകാലപെൻഷൻ | 2,21,34,200 | 1993 |
| വികലാംഗപെൻഷൻ | 35,48,300 | 314 |
| വിധവകളുടെ പെൺ മക്കൾക്ക് വിവാഹ ധനസഹായം | 2,70,000 | 9 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.03.19 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,14,340/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ

*ഡി ആന്റ് ഒ ലൈസൻസ് – 2017-18 വർഷം ഗ്രാമപഞ്ചായത്ത് ഫീൽഡ് പരിശോധന നടത്തി വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

*സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും, മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
*തപാലുകൾ സ്വീകരിക്കുന്നതിലും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നതിലും സൂചിക വഴിയുള്ള നിയന്ത്രണങ്ങൾ മാത്രമാണുള്ളത്. മേലധികാരിയുടെ ശ്രദ്ധകൂടി ഇക്കാര്യത്തിൽ ഉണ്ടാകുന്നത് നല്ലതായിരിക്കും
*വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്.

*ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും അനുബന്ധം B-V ഫോറത്തിലുള്ള പ്രൊജക്ട് രജിസ്റ്റർ, ടി.ആർ. 7 എ ഫോറത്തിലുള്ള ക്യാഷ് ബുക്ക് എന്നിവ സൂക്ഷിക്കേണ്ടതാണ്.

* വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഇൻകുമ്പൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

*ഔട്ട് ഡോർ കളക്ഷൻ രജിസറ്റർ ഉത്തരവാദപ്പെട്ട മേലുദ്യോഗസ്ഥൻ ചെക്ക് ചെയ്ത് ആധികാരികമാക്കുന്നില്ല.
മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.2.2019 | 1/2019 | 10/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.7.2015 | 2010-11 /2014-15 | 10.09.2015 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വർഷാന്ത്യത്തിൽ എസ്.ബി.ഐ.യിലുള്ള 11720 നമ്പർ അക്കൗണ്ടിൽ റീകൺസീലിയേഷൻ പ്രകാരമുള്ള പാസ് ബുക്ക് ബാലൻസും, യഥാർത്ഥ പാസ് ബുക്ക് ബാലൻസും തമ്മിൽ 2,937/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

2. വാർഷിക ധനകാര്യ പത്രികയിലെ സ്ഥിര ആസ്തികളുടെ മൂല്യം 6,99,85,472/- രൂപയാണ്. എന്നാൽ ആസ്തി രജിസ്റ്റർ പ്രകാരം തുക കണക്കാക്കി കാണിച്ചിട്ടില്ല.

3. ലൈബ്രറി സെസ്സ് ബാലൻസ് ഷീറ്റിലെ (ഷെഡ്യൂൾ ബി-15) ആകെ അരിയർ വസ്തുനികുതിയുമായി ബന്ധപ്പെടുത്തി പരിശോധിക്കുമ്പോൾ വരേണ്ടത് 13,538/- രൂപയാണ്. പക്ഷേ ബാലൻസ് ഷീറ്റിൽ സ്റ്റേറ്റ് ലൈബ്രറി സെസ്സ് എന്ന ശീർഷകത്തിൽ (30,524/-) രൂപയാണ് കാണിച്ചിരിക്കുന്നത്.

4. വസ്തു നികുതി കുടിശ്ശിക വാർഷിക കണക്കുകൾ തയ്യാറാക്കുന്ന സാംഖ്യ, ഡി.സി.ബി. തയ്യാറാക്കുന്ന സഞ്ചയ സോഫ്റ്റ്‌വെയറുകൾ പ്രകാരം അന്തരം കാണിക്കുന്നു.

താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾ (അരിയർ)

| | അരിയർ ഡിമാന്റ് | കളക്ഷൻ | മുൻകൂർ | ബാലൻസ് |
|---|---|---|---|---|
| വാർഷിക കണക്കുകൾ (സാംഖ്യ സോഫ്റ്റ് വെയർ) | 17,36,346 (1823163 x 100/105) | 15,85,221 | - | 5,948 (6245x 100/105) |
| ഡി.സി.ബി. രജിസ്റ്റർ (സഞ്ചയ സോഫ്റ്റ് വെയർ) | 15,20,780 | 15,43,597 | - | 5,928 |

താമസേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ (അരിയർ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ | ബാലൻസ് |
|---|---|---|---|---|
| വാർഷിക കണക്കുകൾ (സാംഖ്യ സോഫ്റ്റ് വെയർ) | 25,69,761 (2698249 x 100/105) | 11,49,882 | - | ശീർഷകം ഇല്ല |
| ഡി.സി.ബി. രജിസ്റ്റർ (സഞ്ചയ സോഫ്റ്റ് വെയർ) | 12,64,229 | 12,66,292 | - | ശീർഷകം ഇല്ല |

താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ | ബാലൻസ് |
|---|---|---|---|---|
| വാർഷിക കണക്കുകൾ (സാംഖ്യ സോഫ്റ്റ് വെയർ പ്രകാരം) | 29,95,609/- | 29,44,960/- | - | 1,22,001/- |
| ഡി.സി.ബി. രജിസ്റ്റർ (സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം) | 28,82,272/- | 27,34,051/- | - | 2,655/- |

വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ | ബാലൻസ് |
|---|---|---|---|---|
| വാർഷിക കണക്കുകൾ (സാംഖ്യ സോഫ്റ്റ് വെയർ | 19,18,780/- | 15,41,516/- | - | 142810 (149950x |

| | | | | |
|---|---|---|---|---|
| പ്രകാരം) | | | | 100/105) |
| ഡി.സി.ബി. രജിസ്റ്റർ (സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം) | 17,80,980/- | 17,09,643/- | - | 53/- |

5. വസ്തു നികുതി വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷത്തെ ഡിമാന്റ് 49,14,389/- രൂപയും ആകെ പിരിച്ചെടുത്തത് 44,86,476/- രൂപയുമാണ്. ഇതിൽ പരമാവധി ക്രമീകരിക്കാവുന്ന മുൻകൂർ (2016-17-ലെ ബാലൻസ് ഷീറ്റ് പ്രകാരം) 2,21,515/- രൂപയും കിഴിച്ച് 2,06,398/- രൂപയെങ്കിലും ബാലൻസായി കാണേണ്ടതാണ്. എന്നാൽ 2,64,811/- രൂപയാണ് ബാലൻസ്ഷീറ്റിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്.

6. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ആകെ വർഷം ജനറേറ്റ് ചെയ്ത ക്യാഷ് 99,26,084/- രൂപയാണ്. എന്നാൽ വർഷാദ്യത്തിലുള്ള ക്യാഷ്, വർഷാന്ത്യത്തിലുള്ള ക്യാഷ് ഇവ തമ്മിലുള്ള വ്യത്യാസം 42,40,815/- രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി ഉപയോഗം- അപാകതകൾ

ഗ്രാമപഞ്ചായത്തിലെ രശീതികളുടെ പരിപാലനം 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ് ) ചട്ടങ്ങൾ പ്രകാരമായിരിക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ രശീതികൾ ഉപയോഗിച്ചതായി കാണുന്നു. ഗ്രാമപഞ്ചായത്തിലെ 5.10.17 മുതൽ 8.03.19 വരെയുള്ള രശീതി പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. രശീതി ഇഷ്യൂ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് ജീവനക്കാർ ഒന്നിലധികം രശീതികൾ ഒരേ സമയം കൈവശം വച്ചതായും ഒരേദിവസം ഒന്നിലധികം രസീതികൾ ഉപയോഗിച്ചതായും കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് വിവരം | രശീതി നമ്പർ | പണം പിരിവ് നടത്തിയ തിയതി | രശീതി ബുക്ക് നല്കിയ തിയതി |
|---|---|---|---|
| പ്രബിത പ്രതാപ്, ക്ലർക്ക് | 32637 | 9.03.18, 10.03.18, 11.03.18, 13.03.18, 25.03.18 | 24.02.18 |
| പ്രബിത പ്രതാപ്, ക്ലർക്ക് | 32641 | 8.03.18, 9.03.18, 10.03.18, 11.03.18, 16.03.18, | 7.03.18 |

| | | | |
|---|---|---|---|
| | | 18.03.18,<br>19.03.18,<br>22.03.18,<br>25.03.18,<br>31.03.18 | |
| പ്രബിത പ്രതാപ്,<br>ക്ലർക്ക് | 32643 | 9.03.18,<br>10.03.18,<br>11.03.18 | 8.03.18 |
| പ്രബിത പ്രതാപ്,<br>ക്ലർക്ക് | 32646 | 12.03.18,<br>13.03.18,<br>16.03.18,<br>19.03.18 | 9.03.18 |
| പ്രബിത പ്രതാപ്,<br>ക്ലർക്ക് | 32647 | 17.03.18,<br>19.03.18,<br>22.03.18,<br>24.03.18,<br>26.03.18,<br>29.03.18 | 14.03.18 |
| സജീവ് പി.കെ<br>ക്ലർക്ക് | 32638 | 15.01.18,<br>6.03.18,<br>10.03.18,<br>11.03.18,<br>14.03.18,<br>17.03.18 | 15.01.18 |
| സജീവ് പി.കെ<br>ക്ലർക്ക് | 32640 | 8.03.18,<br>10.03.18,<br>11.03.18,<br>12.03.18,<br>14.03.18,<br>16.03.18,<br>19.03.18,<br>21.03.18,<br>23.03.18 | 7.03.18 |

| | | | |
|---|---|---|---|
| സജീവ് പി.കെ<br>ക്ലർക്ക് | 32642 | 10.03.18,<br>11.03.18,<br>13.03.18,<br>14.03.18,<br>16.03.18,<br>18.03.18,<br>21.03.18,<br>24.03.18,<br>28.03.18 | 8.03.18 |
| സജീവ് പി.കെ<br>ക്ലർക്ക് | 32648 | 16.03.18,<br>18.03.18,<br>20.03.18,<br>21.03.18,<br>22.03.18,<br>25.03.18 | 15.03.18 |
| സജീവ് പി.കെ<br>ക്ലർക്ക് | 32649 | 18.03.18,<br>19.03.18,<br>21.03.18<br>26.03.18 | 16.03.18 |
| സജീവ് പി.കെ<br>ക്ലർക്ക് | 32650 | 18.03.18,<br>19.03.18,<br>20.03.18,<br>21.03.18,<br>22.03.18 | 17.03.18 |
| സജീവ് പി.കെ<br>ക്ലർക്ക് | 32651 | 18.03.18,<br>19.03.18,<br>22.03.18,<br>23.03.18,<br>25.03.18,<br>29.03.18,<br>30.03.18,<br>31.03.18 | 17.03.18 |

| | | | |
|---|---|---|---|
| പ്രീതി<br>ഓഫീസ് അറ്റന്റന്റ് | 32644 | 10.03.18,<br>11.03.18,<br>16.03.18,<br>19.03.18,<br>21.03.18 | 8.03.18 |
| പ്രീതി<br>ഓഫീസ് അറ്റന്റന്റ് | 32645 | 9.03.18,<br>10.03.18,<br>11.03.18,<br>12.03.18,<br>13.03.18,<br>14.03.18,<br>15.03.18,<br>16.03.18,<br>19.03.18,<br>20.03.18,<br>21.03.18 | 8.03.18 |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ് ) ചട്ടങ്ങൾ ചട്ടം 83 പ്രകാരം ഒഴിവാക്കാനാകാത്ത സന്ദർഭങ്ങളൊഴികെ പൂർണ്ണമായി രശീതികൾ ഉപയോഗിച്ച് തീരാതെ രശീതി ബുക്ക് നല്കാൻ പാടില്ലാത്തതും ഇപ്രകാരം രശീതി നല്കുകയാണെങ്കിൽ കാരണം വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ചട്ടം പാലിക്കാതെ രശീതികൾ വിതരണം ചെയ്ത് ഉപയോഗിക്കുകയാണ് ഉണ്ടായിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.താഴെ പറയുന്ന തിയതികളിൽ കളക്റ്റ് ചെയ്തിരിക്കുന്ന തുകകൾ ഗ്രാമപഞ്ചായത്തിൽ അടവാക്കിയ വിവരം, സാംഖ്യ രശീതി എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| തിയതി | രശീതി നമ്പർ | തുക |
|---|---|---|
| 9.03.18 | 32637/68<br>32643/1 മുതൽ 9 വരെ | 6585 |
| 10.03.18 | 32643/10 മുതൽ 28 വരെ | 7318 |
| | 32637/72 മുതൽ 97 വരെ | 11529 |
| | 32641/5 മുതൽ 19 വരെ | 5877 |
| 11.03.18 | 32641/20 മുതൽ 28 വരെ | 13543 |

3. രശീതികൾ പ്രകാരം ഈടാക്കുന്ന തുകകൾ, കളക്ഷൻ രജിസ്റ്റർ എന്നിവ മേലുദ്യോഗസ്ഥർ പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. ഫീൽഡ് സ്റ്റാഫ് വഴി കളക്റ്റ് ചെയ്യപ്പെടുന്ന തുകകൾ കളക്ഷൻ രജിസ്റ്ററിൽ ചേർത്ത് അടവാക്കുന്നതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പാക്കുവാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയതിന്റെ ഓഫീസ് ഉത്തരവ് ലഭ്യമായില്ല.

4. വസ്തുനികുതി പിരിവിന്റെ ഭാഗമായി 5 രൂപ നോട്ടീസ് ഫീ ആയി ഗ്രാമപഞ്ചായത്ത് ഈടാക്കിയിരുന്നു. എന്നാൽ

ചില രസീതികളിൽ ടി തുക ഈടാക്കിയിരുന്നില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| രശീതി നമ്പർ | കെട്ടിട നമ്പർ |
|---|---|
| 32638/95 | XII/205 |
| 32638/96 | XII/259B |
| 32638/97 | XII/375 |
| 32638/98 | XII/382 |
| 32638/99 | XII/386 |
| 32649/1 | XII/19 |
| 32649/5 | XII/127 |
| 32651/19 | XIII/293C |
| 32647/12 | IV/53 |
| 32647/13 | IV/50 |
| 32652/1 | IV/363A |
| 32652/2 | IV/363 |
| 32646/42 | VII/278 |
| 32647/31 | III/76B |
| 32646/43 | V/459 |
| 32646/40 | VI/300 |
| 32646/46 | V/197 |
| 32647/56 | VII/172B |
| 32647/59 | XVI/238 |
| 32647/60 | XVI/243A |
| 32647/78 | IV/426 |
| 32647/79 | IV/445 |

5.വസ്തുനികുതി പിരിവിനായി ഉപയോഗിച്ചിരിക്കുന്ന ചില രശീതികളിൽ വസ്തുനികുതിയോടൊപ്പം ഈടാക്കേണ്ട ലൈബ്രറി സെസ്സ് ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രശീതി നമ്പർ | കെട്ടിട നമ്പർ | വസ്തുനികുതി | ഈടാക്കേണ്ട ലൈബ്രറി സെസ്സ് (5%) |
|---|---|---|---|
| 32647/80 | IV/435 | 312 | 16 |
| 32647/81 | IV/436 | 223 | 12 |
| 32647/82 | IV/212 | 567 | 29 |
| 32647/83 | IV/222 | 362 | 19 |
| 32647/84 | IV/212A | 832 | 42 |
| 32647/85 | IV/241 | 341 | 17 |
| 32647/86 | IV/259 | 370 | 19 |
| 32647/78 | IV/426 | 449 | 23 |
| 32646/10 | V/103 | 308 | 16 |
| 32646/11 | V/153 | 337 | 17 |
| 32647/59 | XVI/238 | 568(Arrear)<br>142(Current) | 29<br>8 |
| 32647/58 | XVI/237A | 609 | 31 |
| 32643/92 | VII/155 | 1302 | 66 |

6. 32640, 32642, 32648, 32649, 32650, 32651രശീതി ബുക്കുകൾ പൂർണ്ണമായി ഉപയോഗിച്ചിട്ടില്ല. ഇവ പൂർണ്ണമായി ഉപയോഗിക്കാതെ തന്നെ മറ്റ് രശീതികൾ പണം പിരിവിനായി ഉപയോഗിച്ചു. ഇപ്രകാരം രശീതികൾ ഉപയോഗിക്കുന്നത് 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ് ) ചട്ടങ്ങൾ ചട്ടം 83 ന്റെ ലംഘനമാണ്.

2017-18 ലെ സാമ്പത്തിക വർഷത്തെ കെട്ടിട നികുതി 5 വർഷത്തെ കുടിശിക ഉൾപ്പെടെ 100 ശതമാനം പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ക്ലാർക്കുമാരെ സഹായിക്കുന്നതിന് കുടുംബശ്രീ പ്രവർത്തകരെ ചുമതലപ്പെടുത്തിയെന്നും ഒരേ സമയം നികുതി പിരിക്കുന്നതിന്റെ സൗകര്യത്തിനായി ഒന്നിലധികം രശീതിബുക്കുകൾ നൽകുകയാണുണ്ടായിട്ടുള്ളതെന്നും ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 4/14.03.2019) മറുപടി ലഭ്യമാക്കി. എന്നാൽ കുടുംബശ്രീ പ്രവർത്തകരെ ചുമതലപ്പെടുത്തിയതിന്റെ രേഖകൾ ഇല്ല. രശീതികൾ ഇത്തരത്തിൽ ഉപയോഗിച്ചത് ചട്ടവിരുദ്ധമായി കണക്കാക്കുന്നു.

കെട്ടിട നികുതിയോടൊപ്പം നോട്ടീസ് ഫീ വാങ്ങാതിരുന്നതിന്റെ തുകയായി 110/- രൂപ അടവാക്കിയതിന്റെ രശീതി മറുപടിയോടൊപ്പം ലഭ്യമാക്കി. ഓഡിറ്റ് അന്വേഷണത്തിൽ സൂചിപ്പിച്ച രശീതികളിലെ തുക മാത്രമേ അടവാക്കിയിട്ടുള്ളൂ. ഇത്തരത്തിലുള്ള നഷ്ടം നിജപ്പെടുത്താനാവാത്തതിനാൽ മറ്റ് രശീതികളിലുണ്ടായ കുറവ് പരിശോധിച്ച് വരവ് ഉറപ്പാക്കേണ്ടതാണ്. എല്ലാ രശീതികളിലും ലൈബ്രറിസെസ്സ് ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-2 കളക്ഷൻ ചാർജ് - ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാക്കാവുന്നതാണ്

2017-18 സാമ്പത്തിക വർഷം വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് 176289/- രൂപ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് സെക്ഷൻ അടവാക്കിയിട്ടുണ്ട്. 1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ് . ആയത് പ്രകാരം കളക്ഷൻ ചാർജ് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാക്കാവുന്നതാണ്. തുടർവർഷങ്ങളിലെങ്കിലും തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി.ആന്റ്.ഒ ലൈസൻസ് നൽകൽ - പൊതു അപാകതകൾ

1. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല.

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഫീൽഡ് പരിശോധന നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്നും ആയത് വഴി ഗ്രാമപഞ്ചായത്തിന് തനത് ഫണ്ട് നഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

2. ഡി & ഒ ലൈസൻസ് പുതിക്കുന്നതിനു സമയക്രമം പാലിക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. ഡി.ആന്റ്.ഓ ലൈസൻസ് രജിസ്റ്റർ പ്രകാരം 375 സ്ഥാപനങ്ങൾക്ക് 2016-17 ൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ 2017-18 സാമ്പത്തിക വർഷം സമയപരിധിക്കുള്ളിൽ ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിപ്പിച്ചിരിക്കുന്നത് 60 സ്ഥാപനങ്ങൾ മാത്രമാണ്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിച്ചിട്ടുള്ളത് എന്ന് കാണാവുന്നതാണ്. നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. സർക്കാർ നിർദ്ദേശം പാലിച്ചില്ല.

എ) ഗ്രാമപഞ്ചായത്തിന്റെ 17 വാർഡുകളിലായി പ്രവർത്തിക്കുന്ന 368 സ്ഥാപനങ്ങൾക്ക് ഡി.ആന്റ്.ഒലൈസൻസ് അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) 80/17/തസ്വഭവ 31.10.17 പ്രകാരം ലൈസൻസ് ഫീ പുതുക്കി നിശ്ചയിച്ചിട്ടുള്ളതാണ്. ഉത്തരവ് കാലയളവിനുശേഷം ലൈസൻസിനായി ലഭിച്ച അപേക്ഷകൾ ടി ഉത്തരവ് പ്രകാരം പരിശോധിച്ച് ഫീ നിർണ്ണയിച്ചിരുന്നില്ല. ഉത്തരവ് പ്രകാരം തുക ഈടാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കി. നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 14/23.03.2019).

4. വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി.ആന്റ്.ഒ ലൈസൻസ്

ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 17-18 ല് ഡി.ആന്റ്.ഒ ലൈസൻസ് എടുത്തിട്ടില്ല. പഞ്ചായത്ത് കെട്ടിടത്തിലുള്ള സ്ഥാപനങ്ങളുടെ ലൈസൻസ് ഉറപ്പാക്കേണ്ടതാണ്.

## 2-4 മിനറൽ വാട്ടർ യൂണിറ്റുകൾ - സർക്കാർ നിർദ്ദേശം ഉറപ്പാക്കേണ്ടതാണ്

ബ്ലൂവാലി അക്വാമിനറൽസ് എന്ന സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് 22.5.17 ന് 93/17-18 നമ്പറായി ഡി.ആന്റ്.ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ അവയുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന മിനറൽ വാട്ടർ യൂണിറ്റുകൾക്ക് ലൈസൻസ് നൽകുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങളെ കുറിച്ച് സർക്കാർ സർക്കുലർ നം. സി4 33671/14/19.12.14 ൽ വ്യക്തമാക്കുന്നുണ്ട്.

മേൽ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്ത് അവയുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന മിനറൽ വാട്ടർ യൂണിറ്റുകളെ സംബന്ധിച്ചുള്ള രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. മിനറൽ വാട്ടർ യൂണിറ്റുകൾ അവ രജിസ്റ്റർ ചെയ്തിട്ടുള്ള ഗ്രാമ പഞ്ചായത്ത് പരിധിക്കകത്തു തന്നെയാണ് പ്രവർത്തിക്കുന്നതെന്നും, ലൈസൻസ് അപേക്ഷ പരിഗണിക്കുന്ന വേളയിൽ ഉപഭോക്താക്കളെ തെറ്റിധരിപ്പിക്കുന്ന പരസ്യവാചകങ്ങൾ മിനറൽ വാട്ടർ ബ്രാന്റുകൾ ഉപയോഗിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, വെള്ളം കുടിക്കാൻ യോഗ്യമല്ലെന്ന് ബോധ്യപ്പെട്ടാൽ വില്പന നിരോധിക്കേണ്ടതും സെക്രട്ടറിയുടെ ചുമതലയാണെന്നുമുള്ള നിർദ്ദേശങ്ങൾ മേൽ ഉത്തരവിലുണ്ട്.
എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരം രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ലൈസൻസ് അപേക്ഷയിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശം ഉറപ്പാക്കി ലൈസൻസ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ഈ സ്ഥാപനത്തിന് Department of Factories and Boilers നൽകിയിരിക്കുന്ന ലൈസൻസ് കാലാവധി 31.12.17 വരെയാണ്. 17-18 സാമ്പത്തിക വർഷത്തേക്കാണ് ഡി.ആന്റ്.ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഫാക്ടറി ലൈസൻസിന്റെ കാലാവധി പുതുക്കിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കിയതായി കാണുന്നില്ല. മറ്റ് രേഖകളുടെ കൃത്യത ഉറപ്പുവരുത്തി ലൈസൻസ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 അഗ്നിസുരക്ഷാ മാനദണ്ഡം - സാക്ഷ്യപത്രം ഉറപ്പാക്കിയില്ല

2011ലെ കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങൾ ചട്ടം 55(4), 58(12) പ്രകാരം 300m2 ന് മുകളിലും 1000 m2 താഴെയുള്ളതുമായ ഗണം എ, എഫ് കെട്ടിടങ്ങളുടെ കാര്യത്തിൽ ഫാറം 'O' യിൽ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ അനുവർത്തിക്കുന്നുണ്ടെന്ന് കെട്ടിടഉടമ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതും പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്ട്/എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. എന്നാൽ കെട്ടിട നിർമ്മാണാനുമതി നൽകിയിരിക്കുന്ന താഴെപറയുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ ഫാറം 'O' സമർപ്പിച്ചിട്ടില്ല.

| ക്രമനമ്പർ | പെർമിറ്റ് നമ്പർ | കെട്ടിട ഉടമ | വിസ്തീർണ്ണം m2 | വിനിയോഗ ഗണം |
|---|---|---|---|---|
| 1 | B3-BA61660/18 | മറിയാമ ജോർജ് തട്ടിൽനടക്കാളൻ | 311.57 | പാർപ്പിടം |
| 2 | B3-BA94611/18 | പ്രസിഡന്റ് | 354 | വാണിജ്യം |

| | | | | |
|---|---|---|---|---|
| | | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പുല്ലൂർ | | |
| 3 | B3-BA2659/18 | പിന്റോ വർഗീസ്, ചിറ്റിലപ്പിള്ളി തൊമ്മാന, പുല്ലൂർ | 354.6 | പാർപ്പിടം |

ചട്ടപ്രകാരമുള്ള മാനദണ്ഡങ്ങൾ ഉറപ്പാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 18/18.03.2019) സാക്ഷ്യപത്രം ലഭ്യമാക്കുവാൻ അറിയിപ്പ് നല്കിയിട്ടുണ്ടെന്നും സാക്ഷ്യപത്രം ഫയലിൽ ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ആയത് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-6 വസ്തുനികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു

2011 ലെ വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 4 പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി ചുമത്തേണ്ടതാണ്. എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ ഇപ്രകാരം നികുതി നിർണ്ണയം നടത്തിയിട്ടില്ല. കംപ്ലീഷൻ പ്ലാനിൽ നിന്നും കുറവായി നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | കെട്ടിടനമ്പർ/ തിയതി | കെട്ടിട ഉടമ | വിനിയോഗ ഗണം | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിടവിവരം | നികുതി നിർണ്ണയം നടത്തിയതിന്റെ വിവരം |
|---|---|---|---|---|---|
| 1 | IV/367A,B,C,D,E | പ്രസിഡന്റ്, മുരിയാട് കോ-ഓപ്പറേറ്റീവ് ബാങ്ക് | ഗണം എഫ് | Basement-249.94m2<br>GroundFloor-284.39<br>First Floor- 284.39<br>SecondFloor-284.39<br>Terrace Floor- 37.42 | 249.94m2<br>268.55+15.84m2<br>284.39m2<br>284.39m2 |
| 2 | IX/171A,B,C,D,E,F | ബിനോയ് കൊക്കാട്ട്, പുല്ലൂർ | ഗണം എഫ് | GroundFloor48.6m2<br>First Floor-65.60m2<br>Total – 114.20m2<br>(114.20m2 ന് ഒക്യുപൻസി നൽകാമെന്ന് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.) | 15.82m2<br>15.99m2<br>16.72m2<br>18.58m2<br>18.75m2<br>19.48m2<br>Total -105.34m2 |
| 3 | II/230A,B,C,D | ഷാജു കുള ഹൗസ് ആനന്ദപുരം | ഗണം Aഎ,എഫ് | GroundFloor -52m2<br>First Floor-60 m2<br>Stair Room-13 | 14.67m2(com)<br>14.67m2 "<br>14.67m2 " |

| | | | | | |
|---|---|---|---|---|---|
| | | | | Total -125 m2 | 65 m2(Res)<br>Total 109.01 m2 |
| 4 | IX/27A,B,C,D,E,F | സെക്രട്ടറി<br>N.S.S<br>കരയോഗം | ഗണം<br>എഫ് | GroundFloor135.44m2<br>First Floor-12.8m2<br>Total 148.24 m2 | 18.39<br>30.98<br>18.35<br>10.68<br>39.46<br>17.58<br>Total 135.44m2 |

കംപ്ലീഷൻ പ്ലാനിൽ നിന്നും കുറവായി വസ്തുനികുതി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും നികുതി പുന:നിർണ്ണയം വരുത്തേണ്ടതുമാണ്. ( ഓഡിറ്റ് എൻക്വയറി നമ്പർ 6/18.03.19).

## 2-7 വസ്തുനികുതി നിർണ്ണയം- വഴി സൗകര്യത്തിന് ആനുപാതികമായ വർദ്ധനവ് വരുത്തിയില്ല

ഗ്രാമപഞ്ചായത്ത് 12-ാം വാർഡിൽ വേലായുധൻ, ശങ്കരത്ത്, പുല്ലൂർ എന്നയാളുടെ XII/69 റസിഡൻഷ്യൽ കെട്ടിത്തോട് ചേർന്ന് പണികഴിപ്പിച്ചിട്ടുള്ള 12 m2 സ്റ്റോറൂമിന് 1 m2 ന് 50/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് XII/69A എന്ന നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ബാധകമാക്കേണ്ട 20% വർദ്ധനവ് ടി കെട്ടിടത്തിന് വരുത്തിയില്ല. അനുബന്ധ XII/69 റസിഡൻഷ്യൽ കെട്ടിടത്തിന് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉള്ളതാണ്. അടിസ്ഥാന വസ്തുനികുതി നികുതിയുടെ 20 % വർദ്ധനവ് വരുത്തി XII/69A നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 2-8 ഡാറ്റാബാങ്ക് വിജ്ഞാപനം

2017 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി ) ചട്ടങ്ങൾ പ്രകാരം പ്രദേശികതല നിരീക്ഷണ സമിതി സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് സർക്കാർ ഉത്തരവ് (സാധാ) 4592/2017/റവന്യൂ/തി. 31.10.17 ൽ നിർദ്ദേശിക്കുന്നുണ്ട്. ആയത് പ്രകാരം 31.3.18 ന് മുമ്പായി ഭേദഗതി വരുത്തി അന്തിമമാക്കിയ ഡാറ്റാബാങ്ക് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം മുഖേന വിജ്ഞാപനം ചെയ്യേണ്ടതുണ്ട്. അന്തിമമാക്കിയ ഡാറ്റാബാങ്ക് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ടോ എന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 13/20.03.2019) കൃഷി ഓഫീസറിൽ നിന്നും മറുപടി ലഭ്യമാകുന്നപക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

നിലം/തണ്ണീർത്തടമായി ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലെ കെട്ടിടനിർമ്മാണങ്ങളുടെ അനുമതിക്ക് ഡാറ്റാബാങ്ക് ആധികാരിക രേഖയായതിനാൽ സർക്കാർ നിർദ്ദേശ പ്രകാരം അന്തിമഡാറ്റാ ബാങ്ക് വിജ്ഞാപനം ചെയ്യുന്നതിന് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും നടപടിയുണ്ടാകേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പതിന്നാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി വിനിയോഗിച്ചു

13 ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്.)നം.72/2017/ത.സ്വ.ഭ.വ യിലെ ഖണ്ഡിക 13.8(1)(vii) അനുസരിച്ച് റോഡ് സംരക്ഷണം, പരിപാലനം എന്നീ പ്രവർത്തനങ്ങൾക്ക് പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. തദ്ദേശഭരണവകുപ്പിന്റെ 10.11.2017ലെ ഡി.എ. 1/859/2017/തസ്വഭവ ാം നം സർക്കുലറിൽ പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പുതിയ കോൺക്രീറ്റിംഗും ടാറിംഗും ചെയ്യാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ റോഡിന്റെ പരിപാലനത്തിന്റേയും സംരക്ഷണത്തിന്റേയും ഭാഗമായി മാത്രമേ കോൺക്രീറ്റിംഗും ടാറിംഗും നടത്താവൂ എന്നും സർക്കുലറിൽ പറയുന്നു. എന്നാൽ ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പുതിയ റോഡിൽ മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾ ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് തൻവർഷം നിർവ്വഹിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

മാർഗ്ഗരേഖയ്ക്കുവിരുദ്ധമായി ഫണ്ട് ചെലവഴിച്ചിരിക്കുന്നത് മറ്റു പ്രത്യേക ഉത്തരവുകളുടെ അടിസ്ഥാനത്തിലൊന്നുമല്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട്നമ്പരും പേരും | അടങ്കൽതുക | ചെലവുതുക | ട്രഷറി ബിൽനമ്പരും തിയ്യതിയും | അളവുപുസ്തകം , കരാർ നമ്പരും തിയ്യതിയും |
|---|---|---|---|---|---|
| 1 | 173/18സ്മാർട്ട്ലൈനറോഡ് (മുദുലഡോക്ടർ വഴി) മെറ്റലിംഗ്, ടാറിംഗ് | 43500 | 43118 | 37/17-18dtd 24.2.18 | 34/16-17 ,46/ AE/LSGD/MYD dtd18.2.17 |
| 2 | 174/18,ശാസ്താംകുളം റോഡ്,മെറ്റലിംഗ്, ടാറിംഗ് | 180000 | 180000 | 6/17-18dtd 30.6.18 | 56/16-17, 57/AE/LSGD/ MYD/16-17 dtd27.2.17 |
| 3 | 175/18, തങ്കരാജ്കോളനിലിങ്ക് റോഡ്സോളിംഗ് മെറ്റലിംഗ്,ടാറിംഗ് | 190000 | 189756 | 18/17-18dtd16-8-17 | 63/16-17, 53/AE/LSGD /1MYD/16-17 dtd20.2.17 |
| 4 | 179/18പണ്ടാരമൂല ലിങ്ക്റോഡ്റാമ്പ് നിർമ്മാണം | 79000 | 76584 | 28/17-18dtd1.2.18 | 26/16-17, 13/AE/LSGD /MYD/16-17 dtd8.2.17 |
| 5 | 181/18, മൂരികോൾപടവ് ,റാമ്പ്നിർമ്മാണം | 110000 | 84129 | 3/18dtd30.6.17 | 53/16-17,45 /AE/LSGD /MYD/16-17 dtd16.02.17 |
| 6 | 184/18,മൈത്രിനഗർ ബ്രാഞ്ച്റോഡ്ല് , മെറ്റലിംഗ് ടാറിംഗ് | 20100 | 17613 | 40/18dtd28.2.18 | 32/16-17,49 /AE/LSGD /MYD/16-17, 18.2.17 |
| 7 | 185/18, കണ്ടച്ചിറ റോഡ് കോൺക്രീറ്റിംഗ് | 171000 | 170397 | 16/17-18dtd30.6.17 | 16/16-17,36 /AE/LSGD /MYD/16-17 dtd16.2.17 |

| | | | | | |
|---|---|---|---|---|---|
| 8 | 189/18 സഹൃദയറോഡ് മെറ്റലിംഗ്, ടാറിംഗ് | 529000 | 507174 | 31/17-18dtd1.2.18 | 74/16-17.,60 /AE/LSGD /MYD/16-17 dtd7.3.17 |
| 9 | 190/18, കാട്ടുപറമ്പ്റോഡ് മെറ്റലിംഗ് ടാറിംഗ് | 414000 | 393633 | 26/18dtd8.1.18 | 73/16-17,12 /AE/LSGD /MYD/16-17 .dtd8.2.17 |
| 10 | 197/18 നഴ്സറി ക്ലാസ്സ് നിർമ്മാണം ജി.യു.പി.എസ്.ആനന്ദപുരം | 1455716 | (1111424) 591298, 520126 | 22/17-18dtd27.12.17,27 /17-18dtd16.1.18 | 70,77,103/ 16-17 dtd28.3.17 ,69/AE /LSGD/16-17 dtd28.3.17 |
| | ആകെ | 3192316 | 2773828 | | |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 10/19.03.2019) ലഭ്യമാക്കിയ മറുപടിയിൽ തനതു ഫണ്ട് കുറവായതിനാലും റോഡ് സംരക്ഷണം, പരിപാലനം എന്നിവയ്ക്ക് CFC ഫണ്ട് ഉപയോഗിക്കാമെന്നതിനാലും, ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ലെന്നുമാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

## 3-2 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം മാർഗ്ഗരേഖയ്ക്കു വിരുദ്ധം

ജി.ഒ(എം.എസ്) 330/2004 ത.സ്വ.ഭ.വ തിയ്യതി 9.12.2004, പൊതു ആവശ്യ ഗ്രാൻറും സംരക്ഷണ ഗ്രാന്റും വിനിയോഗ മാർഗ്ഗരേഖയിൽ അവ എന്തിനെല്ലാം വിനിയോഗിക്കാം എന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 4.6ൽ പറയുന്നുണ്ട്. റോഡ് മെയ്ന്റനൻസിനു വകയിരുത്തിയിട്ടുള്ള വിഹിതം പുതിയ റോഡുകളുടെ നിർമ്മാണത്തിനു വിനിയോഗിക്കുവാൻ പാട്ടുള്ളതല്ല എന്ന്. കുഴികൾ നികത്തുക ഉപരിതലം നിരപ്പാക്കുക ഓടകൾ നിർമ്മിക്കുക വശങ്ങളിൽ ഭിത്തികെട്ടി സംരക്ഷിക്കുക, മുതലായ ആവശ്യങ്ങൾക്കു മാത്രമേ പ്രസ്തുത വിഹിതം വിനിയോഗിക്കാവൂ.

സർക്കുലർ നമ്പർ 68228/FM1/2012/LSGD/28.11.12 ൽ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡിന്റെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടതെന്നു പറയുന്നുണ്ട്. തദ്ദേശഭരണസ്ഥാപനത്തിന് കൈമാറികിട്ടിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയതിനുശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ആ തദ്ദേശ ഭരണസ്ഥാപനത്തിന്റെ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണ സമിതി ഏകകണ്ഠമായ തീരുമാനമെടുത്ത ശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് നിർമ്മാണ പ്രവൃത്തികൾക്കും ഉപയോഗിക്കുന്നത്. ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും പാലിക്കാതേയാണ് മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട്നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ട്രഷറിബിൽനമ്പരും തിയ്യതിയും | അളവുപുസ്തകനമ്പർ,കരാർ നമ്പരും തിയ്യതിയും |
|---|---|---|---|---|---|---|
| 1 | 148/18 | മൂർത്തിപറമ്പ് റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് | 437000 | 436723 | 34/18dtd24.2.18 | 22/16-17,18/AE/LSGD /MYD/16-17dtd 16.2.17 |
| 2 | 150/18 | ശ്രീകൃഷ്ണസ്കൂൾ റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് | 87000 | 86857 | 12/18dtd30.6.17 | 61/16-17 22/AE/LSGD /MYD/16-17 dtd 16.2.17 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 151/18 | പഴയവില്ലേജ് ഓഫീസ് റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് | 678000 | 649052 | 5/18dtd 30.6.17 | 52/16-17 58/AE/LSGD /MYD/16-17 dtd27.2.17 |
| 4 | 152/18 | കിടക്ക കമ്പനി റോഡ് (വാട്ടർടാങ്ക് സൈഡ് )ടാറിങ്ങ് | 227000 | 226304 | 35/18dtd 30.6.17 | 20./16-17,20 /AE/LSGD /MYD/16-17 DtD 16.2.17 |
| 5 | 153/18 | ഹരിശ്രീനഗർ റോഡ് ടാറിങ്ങ് | 107000 | 106498 | 30/18dtd1.2.18 | 24/16-17, 25/AE/LSGD /MYD/16-17 dtd 16.2.17 |
| 6 | 156/18 | കണ്ണമ്പിള്ളിച്ചിറ റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് | 256000 | 255173 | 44/18dtd28.2.18 | 27/16-17 25/AE/LSGD/MYD/ Dtd 16.2.17 |
| 7 | 157/18 | എടയാറ്റുമുറി റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | 319000 | 318709 | 46/1828.2.18 | 30/16-17 30/AE/LSGD /MYD/16-17 dtd 16.2.17 |
| 8 | 158/18 | അശേകൻശാന്തി റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് | 165000 | 164399 | 3/18 dtd 30.6.17 | 57/16-17 , 42AE/LSGD /MYD/16-17 dtd 18.2.17 |
| 9 | 172/18 | റേഷൻകട റോഡ് ടാറിങ്ങ് | 62000 | 61886 | 42/18dtd28.2.18 | 33/16-17 ,48/AE /LSGD/MYD/16-17 dtd18.2.17 |
| 10 | 173/18 | സ്മാർട് ലൈൻ റോഡ് (മൃദുലഡോക്ടർ വഴി)മെറ്റലിങ്ങ് ടാറിങ്ങ് | 315000 | 315000 | 38/18 28.2.18 | 34/16-17 46/AE/LSGD /MYD/16-17 dtd 18.2.17 |
| 11 | 174/18 | ശാസ്താംകുളം റോഡ് സോളിങ് മെറ്റലിങ്ങ്, ടാറിങ്ങ് | 173000 | 173000 | 7/18dtd30.6.17 | 63/16-17, 53/AE/LSGD /MYD?16-17 dtd 20.2.17 |
| 12 | 184/18 | മൈത്രി നഗർ ബ്രാഞ്ച് റോഡ് സോളിങ്ങ് മെറ്റലിങ്ങ് ടാറിങ്ങ് | 158900 | 158900 | 39/18dtd28.2.18 | 32/16-17, 49/AE/LSGD /MYD?16-17 dtd 18.2.17 |
| | ആകെ | | 2944900 | 2952501 | | |

(എൻക്വയറി നമ്പർ 11/19.3.2019), മറുപടി ലഭ്യമാക്കിയതിൽ സൂചിപ്പിച്ചിട്ടുള്ളത് മേൽ സർക്കുലറിൽ പ്രതിപാദിച്ചു പ്രകാരമാണ് മെറ്റലിങ്ങ്, ടാറിങ്ങ് പ്രവർത്തികൾ നടത്തിയതെന്നാണ്. എന്നാൽ ഭരണസമിതിയുടെ

ഏകകണ്ഠമായ തീരുമാനമില്ലാത്തതിനാൽ ഈ നടപടി ആധികാരികമല്ലെന്ന് കാണാവുന്നതാണ്. അപ്രകാരമുള്ള തീരുമാനം എടുക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികൾക്ക് സമയ പരിധി നീട്ടി അനുവദിച്ചു.അനുബന്ധരേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

2017-18 വർഷത്തിൽ നടപ്പാക്കിയ മരാമത്തു പ്രവൃത്തികൾ കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ഇത്തരത്തിൽ സമയപരിധിയ്ക്കകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴഈടാക്കാതെ കമ്മറ്റി തീരുമാനപ്രകാരം സമയപരിധി നീട്ടി കൊടുത്തിട്ടുണ്ട്. എന്നാൽ സമയപരിധിയ്ക്കകം പ്രവൃത്തി പൂർത്തീകരിയ്ക്കാത്തതിനു കാരണം കാണിച്ച് സമയ പരിധി നീട്ടി കിട്ടാൻ കരാറുകാരൻ കൊടുത്ത അപേക്ഷ, സമയ പരിധി നീട്ടി അനുവദിച്ചുകൊണ്ടുള്ള കമ്മറ്റിതീരുമാനത്തിന്റെ കോപ്പി എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഓഡിററ് എൻക്വയറിനമ്പർ 18നു ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ പ്രത്യേകഫയലായി സൂക്ഷിക്കുന്നുണ്ടെന്ന് അറിയിച്ചു. ഇതു ശരിയായ നടപടിയല്ല. രേഖകൾ അതതു ഫയലിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.

## 3-4 പൊതുമരാമത്ത് പ്രവൃത്തികളിലെ നിർവ്വഹണത്തിലെ പോരായ്മകൾ

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/ത.സ്വ.ഭ.വ യിൽ വിശദമായി നിർദ്ദേശങ്ങളുണ്ട്. എന്നാൽ പ്രൊജക്റ്റുകളുടെ ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നിവ നിർവ്വഹിക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. റോഡ് കണക്റ്റിവിറ്റി പ്ലാൻ, ഭൂപടം എന്നിവ തയ്യാറാക്കിയിട്ടില്ല

ഗതാഗതമേഖലയിലെ പ്രൊജക്റ്റ് നിർവ്വഹിക്കുന്നതിന് ഓരോ തദ്ദേശഭരണസ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 12.10(1) ൽ അനുശാസിക്കുന്നു. ഓരോ റോഡ് നിർമ്മാണ പ്രവൃത്തിയോടൊപ്പവും റോഡ് കണക്റ്റിവിറ്റി ഭൂപടത്തിൽ പ്രസ്തുത റോഡിന്റെ ഭാഗം അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ റോഡ് കണക്റ്റിവിറ്റി ഭൂപടവും പദ്ധതിയും തയ്യാറാക്കാതെയാണ് ഗതാഗതമേഖലയിലെ പ്രൊജക്റ്റുകൾ നടപ്പാക്കിയിരിക്കുന്നത്.

2. ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല.

സംരക്ഷണഗ്രാന്റ് വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 13.6(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കാതെയാണ് ആസ്തി സംരക്ഷണപ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്നത്.

3. നിർദ്ദിഷ്ട രീതിയിൽ മോണിട്ടറിംഗ് നടത്തുന്നില്ല.

മാർഗ്ഗരേഖയിലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്റ്റ് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല. മേൽപറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-5 തെരുവുവിളക്ക് പരിപാലനം-തെരുവിളക്ക് സാമഗ്രികളുടെ കൃത്യമായ

## കണക്ക് സൂക്ഷിക്കേണ്ടതാണ്

പ്രൊജക്ടിന്റെ പേര്-തെരുവുവിളക്ക് പരിപാലനവും സാമഗ്രികൾ വാങ്ങലും

പ്രൊജക്റ്റ് നം 26/18

നിർവ്വഹണം-സെക്രട്ടറി

അടങ്കൽ-ധനകാര്യകമ്മീഷൻ ഗ്രാന്റ് - 6,75,000 + തനത് ഫണ്ട് – 3,25,000 , ആകെ-10,00,000/-

ചെലവ്

| ട്രഷറി ബിൽ നം/ചെക്ക് നം/തിയതി | തുക | ചെലവിന്റെ വിവരം |
|---|---|---|
| 19/8.1.18 | 269192 | ABC മാർക്കറ്റിംഗിൽ നിന്നും തെരുവുവിളക്ക് സാമഗ്രികൾ വാങ്ങിയത് |
| 22/20.2.18 | 114589 | ,, ,, |
| 088232/23.2.18 | 94151 | തെരുവുവിളക്ക് പരിപാലനത്തിനായി കരാറെടുത്ത AMASS പവർ കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനത്തിന് അനുവദിച്ചത് |

മേൽ പറഞ്ഞ പ്രകാരം തെരുവുവിളക്ക് സാമഗ്രികൾ വാങ്ങി സ്റ്റോക്കിലെടുത്ത് വാർഡ് മെമ്പർമാർക്ക് കൈമാറിയിട്ടുണ്ട്. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം അനുസരിച്ചാണ് തെരുവുവിളക്ക് അറ്റകുറ്റപ്പണിക്ക് തുക അനുവദിച്ചിട്ടുള്ളത്. സി.എഫ്.എൽ/എൽ.ഇ.ഡി 1001 എണ്ണം @68/-, സിങ്കിൾട്യൂബ്-137എണ്ണം @98/-, ഡബിൾട്യൂബ്- 81എണ്ണം @168/-. അറ്റകുറ്റപ്പണിക്കായി വിനിയോഗിച്ച ശേഷം വാർഡ് മെമ്പർമാരുടെ കൈവശം എത്ര എണ്ണം വീതം ബാക്കിയുണ്ടെന്നതിന് കണക്ക് സൂക്ഷിച്ചിട്ടില്ല. 2017-18 വർഷം മെമ്പർമാർക്ക് കൊടുത്തതും , കരാറുകാരൻ അറ്റകുറ്റപ്പണി നടത്തിയതിന്റെയും ലഭ്യമായ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് നം | 2017-18ൽമെമ്പർമാർക്ക് കൈമാറിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള വിവരം | | 2017-18ൽഅറ്റകുറ്റപ്പണി നടത്തിയത് | |
|---|---|---|---|---|
| | Single tube | CFL,LED | Single &double tube | CFL,LED |
| 1 | 60 | 70,25 | 4 | 37 |
| 2 | 60 | 70,25 | 5 | 28 |
| 3 | 60 | 70,25 | 2 | 18 |
| 4 | 60 | 80,25 | 25 | 63 |
| 5 | 60 | 70,25 | 19 | 79 |
| 6 | 60 | 70,25 | 18 | 117 |
| 7 | 60 | 70,25 | 4 | 35 |
| 8 | 60 | 90,25 | 4 | 53 |
| 9 | 60 | 70,25 | 7 | 42 |

| | | | | |
|---|---|---|---|---|
| 10 | 60 | 90,25 | 8 | 63 |
| 11 | 60 | 90,25 | 2 | 55 |
| 12 | 60 | 70,25 | 11 | 07 |
| 13 | 60 | 70,25 | 3 | 61 |
| 14 | 60 | 90,25 | 8 | 69 |
| 15 | 60 | 70,25 | 3 | 77 |
| 16 | 60 | 70,25 | 5 | 47 |
| 17 | 60 | 70,25 | 9 | 60 |

2018-19 ൽ വീണ്ടും മെമ്പർമാർക്ക് തെരുവുവിളക്ക് സാമഗ്രികൾ നൽകിയിട്ടുണ്ട്. 2017-18ൽ വാങ്ങിയവ പൂർണ്ണമായും വിനിയോഗിച്ച കഴിഞ്ഞോ എന്നതു സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല. ഇതു സംബന്ധിച്ച് 21/23.03.2019 നമ്പർ ആയി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തെരുവുവിളക്ക് സാമഗ്രികൾ വാങ്ങുന്നതിന്റെയും വിനിയോഗിക്കുന്നതിന്റെയും ബാക്കിയുള്ളവയുടെയും കണക്കുകൾ ആധികാരികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-6 വെർട്ടിക്കൽ പമ്പ് സെറ്റ് തുക കൈമാറൽ-അപാകതകൾ

പ്രൊജക്റ്റ് നം 103/18

നിർവ്വഹണം-കൃഷി ഓഫീസർ

അടങ്കൽ-തനത് ഫണ്ട്-7,50,000

മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന്(ബ്ലോക്ക് പഞ്ചായത്ത്)-7,50,000/-

ആകെ-15,00,000/-

ചെലവ്-ചെക്ക് നം 1743997/TSB, തിയതി 31.1.2018, തുക ₹ 7,50,000/-

പഞ്ചായത്ത് പ്രൊജക്റ്റ് രൂപീകരണ ഫോറം ക്രമ നം 11, 12 പ്രകാരം കൃഷി ഓഫീസർ നേരിട്ടുള്ള നിർവ്വഹണമാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന് 7.5 ലക്ഷം രൂപ കൈമാറുകയാണ് ചെയ്തിട്ടുള്ളത്. ആയതിന് കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഉണ്ട്.

കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പ്രകാരം മേൽ തുക ബ്ലോക്ക് പഞ്ചായത്തിന്റെ 29/17-18 പ്രൊജക്റ്റിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ബന്ധപ്പെട്ട പ്രൊജക്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൊജക്റ്റിൽ എത്ര തുകയാണ് ഗ്രാമപഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരിക്കുന്നതെന്ന് അറിയാനായിട്ടില്ല.

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 11.1.2018 തിയതിയിലെ B 1113/17 നമ്പർ കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത് 7 ലക്ഷം രൂപ മാത്രമാണ്. എന്നാൽ പഞ്ചായത്ത് 7.5 ലക്ഷം രൂപ അടങ്കലിൽ പ്രൊജക്റ്റ് തയ്യാറാക്കി തുക ബ്ലോക്കിന് കൈമാറിയിട്ടുണ്ട്. സംയുക്ത പ്രൊജക്റ്റാണോ പഞ്ചായത്ത് നേരിട്ട് നിർവ്വഹണം നടത്തുന്ന പ്രൊജക്റ്റാണോ എന്നതിൽ വ്യക്തതയില്ല. സംയുക്ത പ്രൊജക്റ്റാണെങ്കിൽ ബ്ലോക്ക് പഞ്ചായത്തുമായി കരാറിലേർപ്പെടണമായിരുന്നു അപ്രകാരം ചെയ്തിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് നൽകിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 7,31,568/-രൂപയാണ് ചെലവായിട്ടുള്ളത്. പദ്ധതി പൂർത്തീകരിച്ചതായി അറിയിച്ചിട്ടില്ല.

പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ബാക്കി തുക ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തിരികെ വാങ്ങി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-7 കർഷകർക്ക് സബ്സിഡി വിതരണം-തുക കൃത്യമായി ശുപാർശ

<u>ചെയ്യുന്നില്ല</u>

പച്ചക്കറിക്കൃഷി പ്രോത്സാഹനം

പ്രൊജക്റ്റ് നം 34/18

നിർവ്വഹണം-കൃഷി ഓഫീസർ

അടങ്കൽ-വികസനഫണ്ട് -3,00,000/-

ഗുണഭോക്തൃവിഹിതം(നേരിട്ട്)-2,00,000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം-1,50,000/-

ഈ പദ്ധതിയിൽ ട്രഷറി ബിൽ നം 8/17-18/27.2.2018 പ്രകാരം 1,52,375/-രൂപ പിൻവലിച്ച് കൃഷിക്കാർക്ക് ജൈവവളം,,കൂലിച്ചെലവ് എന്നിവക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. കൂലിച്ചെലവ് സബ്സിഡി അനുവദിക്കാവുന്നത് ഹെക്ടറിന് 17,000/-രൂപ നിരക്കിലാണ്. അതായത് സെന്റിന് 68/- രൂപ വീതം.

ഷിജി ഗോപി, എടക്കാട്ടിൽ എന്ന ഗുണഭോക്താവിന്റെ അപേക്ഷ പ്രകാരം പദ്ധതി നടപ്പാക്കുന്ന ഭൂമിയുടെ വിസ്തൃതി 10 സെന്റ് ആണ്. ആയതിന് അർഹമായ കൂലിച്ചെലവ് സബ്സിഡി 10 x 68 =680/-രൂപ.

എന്നാൽ ടിയാൾ വളം വാങ്ങിയതിന്റെ ബില്ല് ഇല്ല. ആയതിനാൽ ആകെ 680/-മാത്രമാണ് അനുവദിക്കാവുന്നത്. കൃഷി ഓഫീസർ 1,360/-രൂപ സബ്സിഡി നൽകാൻ അപേക്ഷയിൽ അനുവാദം നൽകുകയും അപ്രകാരം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 12/19.3.2019 ന് മറുപടി ലഭിച്ചിട്ടില്ല. അധികം തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് മേൽപ്പറഞ്ഞ ഗുണഭോക്താവിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി പച്ചക്കറി കൃഷി, നെൽകൃഷി വികസനത്തിനായി കൂലിച്ചെലവ് സബ്സിഡിയും വളം വാങ്ങിയതിനുള്ള സബ്സിഡിയും കൃഷിക്കാർക്ക് വിതരണം ചെയ്യുന്ന പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്. ഇത്തരം പ്രൊജക്റ്റുകൾ നടപ്പാക്കുമ്പോൾ ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് കൃഷി ഓഫീസർ ഉറപ്പുവരുത്തേണ്ടതും കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതിക്ക് ആനുപാതികമായ സബ്സിഡിതുക കണക്കാക്കി അപേക്ഷയിൽ കൃത്യമായി രേഖപ്പെടുത്തി അനുവദനീയമായ തുക സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അതുപോലെ വാഴ, ജാതി, പച്ചക്കറി കൃഷികൾക്ക് വിത്ത്/തൈ വിതരണ പ്രൊജക്റ്റുകളിലും അപേക്ഷകളിൽ ഓരോ കർഷനും അനുവദിക്കുന്ന വിത്ത്/ തൈകളുടെ അളവ് കൃഷി ഓഫീസർ രേഖപ്പെടുത്തേണ്ടതാണ്. 2017-18 വർഷത്തെ അപേക്ഷകൾ പലതിലും ഇപ്രകാരം ചെയ്തു കണ്ടില്ല. ഈ അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-8 <u>മൃഗസംരക്ഷണ പദ്ധതികൾ-അപാകതകൾ</u>

<u>(i)കന്നുകുട്ടി പരിപാലന പദ്ധതി, ജനറൽ.SOO12/18</u>

അടങ്കൽ-വികസന ഫണ്ട്(ജനറൽ)-3,12,500/-

സംസ്ഥാന വിഹിതം-3,12,500/- ഗുണഭോക്തൃവിഹിതം 6,25,000/-, ആകെ-12,50,000/-

ചെലവ്-ട്രഷറി ബിൽ നം-S5/17-18/16.1.18, 1,68,750/-

ട്രഷറി ബിൽ നംS9/17-18/24.2.18 , 1,43,750 /-

പുല്ലൂർ ക്ഷീരോത്പാദക സഹകരണസംഘത്തിന്റെ രജിസ്റ്റർ പ്രകാരം നന്ദഗോപാൽ,,ചുണ്ടനത്ത് എന്നഗുണഭോക്താവ് 4 പ്രാവശ്യം മാത്രം തീറ്റ വാങ്ങിയ ശേഷം പദ്ധതിയിൽ നിന്നും പിൻവാങ്ങിയിട്ടുണ്ട്. 50ഗുണഭോക്താക്കൾക്കുള്ള വിഹിതമാണ് എസ്.എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുള്ളത്. പദ്ധതി കാലയളവ് പൂർത്തീകരിക്കുന്ന മുറക്ക്, പദ്ധതിയിൽനിന്നും ഗുണഭോക്താക്കൾ വിട്ടുപോകുന്നതിനാൽ ബാക്കിവരുന്ന പഞ്ചായത്ത് പദ്ധതിവിഹിതം സർക്കാരിലേക്ക് അടവാക്കുന്നതിന് എസ്.എൽ.ബി.പിഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കേണ്ടതും ആയത് ഉറപ്പാക്കേണ്ടതുമാണ്.

(ii)മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ,SOO15/18

വിഷ്ണ മെഡിക്കൽ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം 8524/18.11.17 പ്രകാരം വാങ്ങിയ മരുന്നുകളിൽ താഴെ പറയുന്നവ കാലാവധി കഴിഞ്ഞിട്ടും ഉപയോഗിച്ചതായി സ്റ്റോക്ക് രജിസ്ററിൽ കാണുന്നു.

(a)Biotrim IM Inj 30 ml, exp date -March/18 –15 എണ്ണം കാലാവധിക്കുശേഷം 10.7.2018 വരെ ഉപയോഗിച്ചു.

(b)Zydarelin Inj 10 ml, exp date-July/18 - 2 എണ്ണം കാലാവധിക്കുശേഷം 21.9.2018 വരെ ഉപയോഗിച്ചു.

ഇക്കാര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 5/ 16-03-2019 ന് ലഭിച്ച മറുപടിയിൽ ഡിപ്പാർട്ട്മെന്റ് നടത്തിയ ഇൻഫെർട്ടിലിറ്റി ക്യാമ്പിനും ഇതേ മരുന്ന വാങ്ങിയിരുന്നതായും അവയുടെ കാലാവധി തീർന്നിരുന്നില്ലെന്നും കാലാവധി കഴിഞ്ഞ മരുന്നുകളുടെ വിതരണം രജിസ്ററിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് പദ്ധതി പ്രകാരം വാങ്ങിയ മരുന്നുകൾ, കാലാവധി കഴിഞ്ഞും സ്റ്റോക്കിലുള്ളത് എത്രയും പെട്ടെന്ന് വാങ്ങിയ സ്ഥാപനവുമായി ബന്ധപ്പെട്ട് മാറ്റി വാങ്ങുകയോ അല്ലാത്ത പക്ഷം അവയുടെ വില കണക്കാക്കി ടി സ്ഥാപനത്തിൽ നിന്നും തിരികെ ഇടാക്കുകയോ ചെയ്യേണ്ടതാണ്. കാലാവധി കുറവായ മരുന്നുകൾ വാങ്ങുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്.

(iii)അനിമൽ ബർത്ത് കൺട്രോൾ, SOO14/18

ട്രഷറി ബിൽ നം S1/17-18/25.10.17 പ്രകാരം 25,000 /- രൂപ പിൻവലിച്ച് ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്. വിനിയോഗവിവരം ലഭ്യമാകുന്നത് വരെ തുക 25,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ

വിവിധ പ്രോജക്ടുകളുടെ നടത്തിപ്പിനായി നിർവ്വഹണ ഏജൻസികളിൽ തുക അടവാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. അതുവരേയ്ക്കും ചെലവഴിച്ച തുക 91,92,923/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രോജക്റ്റ്നമ്പർ | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക | ചെലവുതുക | നിർവ്വഹണ ഏജൻസി | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|---|---|
| 1 | 40/18 | മാത്തിക്കര റോഡ് പൈപ്പ് ലൈൻ നീട്ടൽ | 100000 | 100000 | KWA, IJK | 'ട്രഷറി ബിൽ നമ്പർ -23/18 dtd20.2.18 |
| 2 | 216/18 | ഊരകം അംബേദ്കർ നഗർ സ്റ്റേഡിയം പൂർത്തീകരണം | 250000 | 50000 | നിർമ്മിതി,തൃശ്ശൂർ | 41/18 dtd31.3.18 |
| 3 | 37/18 | പുല്ലൂർ മിഷൻ ഹോസ്പിറ്റൽ സൈഡ് റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 70000 | 70000 | KWA,IJK | 21/18 dtd 20.2.18 |
| 4 | 81/18 | ആരംഭനഗർ കുടിവെള്ള പദ്ധതി | 1500000 | 1500000 | KWA,IJK | 33/18 dtd15.3.18 |

| | | | | | | |
|---|---|---|---|---|---|---|
| 5 | 242/18 | മണിയൻകുന്ന് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 360000 | 360000 | KWA,IJK | 35/18dtd15.3.18 |
| 6 | 48/18 | വാർഡ് 3,2,,16,17,4,7, കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1188907 | 722000 | KWA,IJK | 12/18 dtd27.11.17 |
| 7 | 38/18 | പുല്ലൂർ പുളിഞ്ചോട് ആർ.എസ്.റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 650000 | 630000 | KWA,IJK | 20/18 dtd20.2.18 |
| 8 | 44/18 | ഐ എം എ ബ്ളഡ്ബാങ്ക് | 100000 | 100000 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 4/18 dtd30.9.17 |
| 9 | 53/18 | ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ | 50000 | 50000 | സെക്രട്ടറി, ജില്ലാപഞ്ചായത്ത്, തൃശ്ശൂർ | 5/18 dtd30.9.18 |
| 10 | 33/18 | പാലക്കുഴി പനമ്പിള്ളി നഗറിൽ നിന്ന് അട്ടക്കുളം വരെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 310600 | 300000 | KWA,IJK | 9/18 dtd27 11.17 |
| 11 | 224/18 | മുരിയാട് ആനക്കല്ലിചിറയ്ക്ക് പെർമനെന്റ് ഷട്ടർ | 1125000 | 1125000 | ഇറിഗേഷൻ , മെക്കാനിക്കൽ ഡിവിഷൻ മലമ്പുഴ | 36/18 dtd15.3.18 |
| 12 | 35/18 | പനമ്പിള്ളി നഗർ മുതൽ മതിക്കാട്ടിക്കുളം വരെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 194978 | 192000 | KWA,IJK | 11/18 dtd 27.11.18 |
| 13 | 80/18 | കർളിപ്പാടം കുടിവെള്ളപദ്ധതി | 110000 | 110000 | ഭൂജലവകുപ്പ് തൃശൂർ | 28/18 dt28,2.18 |
| 14 | 82/18 | ആമ്പിപ്പാടം കുടിവെള്ള പദ്ധതി | 110000 | 110000 | ഭൂജലവകുപ്പ് തൃശൂർ | 30/18 dtd 28.2.18 |
| 15 | 101/18 | കുറ്റിപ്പാടം കോളനികുടിവെള്ള പദ്ധതി | 300000 | 300000 | ഭൂജലവകുപ്പ് ,തൃശ്ശൂർ | 31/18 dtd10.3.18 |
| 16 | 39/18 | കപ്പാറ കുടിവെള്ള പദ്ധതി മോട്ടോറും ഫിൽട്ടറും സ്ഥാപിക്കൽ | 1700000 | 1700000 | KWA,IJK | 8/18 dtd27.11.17 |

| | | | | | | |
|---|---|---|---|---|---|---|
| 17 | 36/18 | മുരിയാട് വില്ലേജോഫീസ് പരിസരത്തെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 355000 | 355000 | KWA,IJK | 8/18 dtd 27.11.18 |
| 18 | 58/18 | സ്ട്രീറ്റ് മെയിൻ നീട്ടൽ വാർഡ് 1,2,3,5,9,13. | 2000000 | 1418923 | ഇല.സെക്ഷൻ ഇരിഞ്ഞാലക്കുട, പറപ്പൂക്കര | 6/18 dtd 30.9.17 |
| ആകെ | | | 10474485 | 9192923 | | |

## 3-10 വെള്ളക്കരം- പൊതുടാപ്പുകളുടെ എണ്ണം ഉറപ്പാക്കിയിട്ടില്ല

194 സ്ട്രീറ്റ് ടാപ്പുകൾക്ക് പ്രതിമാസം 84,875/- രൂപ (5250/year) കേരള വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തു വരുന്നു. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രതിമാസം 84,875/- രൂപ അടവാക്കിവരുന്നുണ്ട്. ടി സാമ്പത്തികവർഷം ഓരോ ബില്ലിലും മുൻവർഷ കുടിശ്ശിക + 2% പിഴ കണക്കാക്കി കുടിശ്ശിക ഡിമാന്റ് ചെയ്തു വരുന്നു. മാർച്ച് 2018 വരെയുള്ള കുടിശ്ശികയായി 1,32,320/- രൂപ കേരള വാട്ടർ അതോറിറ്റിയുടെ ബിൽ 218/3/17-18/ തിയതി 7.03.18പ്രകാരം കണക്കാക്കിയിരിക്കുന്നു.

എന്നാൽ പൊതുടാപ്പുകളുടെ എണ്ണം കൃത്യമാണെന്ന് ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. പൊതുടാപ്പുകളുടെ എണ്ണം, കുടിശ്ശിക വിവരം എന്നിവ സംബന്ധിച്ച രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ പൂർണ്ണവുമല്ല. ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തേണ്ടതും പൊതുടാപ്പുകളുടെ എണ്ണം, കുടിശ്ശിക വിവരം എന്നിവ ഉറപ്പാക്കി തുക ചെലവഴിക്കുവാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതുമാണ്.

## 3-11 അഡ്വാൻസ് തുക നാളിതുവരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല

സംസ്ഥാന തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി മുരിയാട് ഗ്രാമപഞ്ചായത്ത് തുടർ വിദ്യാകേന്ദ്രത്തിൽ നിയോഗിക്കപ്പെട്ട 3 പ്രേരക് മാർക്ക് മാർച്ച് 2017 ലെ ഓണറേറിയം തനത് ഫണ്ടിൽ നിന്നും അഡ്വാൻസായി അനുവദിച്ചിരുന്നു. ചെലവ് വിവരം താഴെ ചേർക്കുന്നു.

| പേര് | വൗച്ചർ നമ്പർ / തിയതി | തുക |
|---|---|---|
| ബിന്ദു കെ.സി | 21700025/5.04.17 | 12000 |
| രാധിക എം.എ | 21700026/5.04.17 | 12000 |
| സുനിത ടി.യു | 21700027/5.04.17 | 12000 |
| | ആകെ | 36000 |

തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 36,000/- രൂപ നാളിതുവരെ സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമായിട്ടില്ല. തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 തനത് ഫണ്ട് ചെലവ് - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 4 അങ്കണവാടികളിലേക്കും പി.എച്ച്.സി സബ്സെന്ററിലേക്കും ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കുന്നതിനായി 24.9.17 ലെ 813108 ചെക്ക് പ്രകാരം തനത് ഫണ്ടിൽ നിന്നും ഇരിങ്ങാലക്കുട കെ.എസ്.ഇ.ബി യിലേക്ക് 52,780/- രൂപ നല്കിയിരുന്നു. പ്രവൃത്തി പൂർത്തീകരണ വിവരം, ഇലക്ട്രിക് കണക്ഷൻ ലഭ്യമായതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | നെൽകൃഷിക്ക് കൂലി ചെലവ് | 200000 | 0 |
| | | 225000 | ഭിന്നശേഷി ഉള്ളവർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് / ബത്ത നൽകല് | 225000 | 0 |
| | | 50000 | കാൻസർ രോഗനിർണ്ണയവും ബോധവൽക്കരണവും | 50000 | 0 |
| | | 125000 | അംഗൻവാടി അനുപൂരക പോഷകാഹാരം | 125000 | 0 |
| | | 300000 | മുരിയാട് ഗ്രാമപഞ്ചായത്തിലെ ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 400000 | മുരിയാട് ഗ്രാമപഞ്ചായത്തിലെ ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| | | 500000 | സ്ട്രീറ്റ് മെയിൻ നീട്ടൽ വാർഡ് 1, 2, 3, 5, 9, 13, 15, 16 | 0 | 500000 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പാലക്കുഴി പനമ്പിള്ളി നഗർ നിന്ന് അട്ടക്കുളം വരെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | നെഫ്റ്റ് ട്രാൻസ്ഫർ 09/11/2017 | 300000 | 0 | 300000 |
| കേരളാ വാട്ടർ അതോറിറ്റി | പനമ്പിള്ളി നഗർ മുതൽ മതിക്കാട്ടികുളം വരെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | നെഫ്റ്റ് ട്രാൻസ്ഫർ 09/11/2017 | 192000 | 0 | 192000 |
| കേരളാ വാട്ടർ അതോറിറ്റി | മുരിയാട് വില്ലേജ് ഓഫീസ് പരിസരം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | നെഫ്റ്റ് ട്രാൻസ്ഫർ 09/11/2017 | 355000 | 0 | 355000 |
| കേരളാ വാട്ടർ അതോറിറ്റി | പുല്ലൂർ മിഷൻ ഹോസ്പിറ്റൽ സൈഡ് റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | നെഫ്റ്റ് ട്രാൻസ്ഫർ 16/01/2018 | 70000 | 0 | 70000 |
| കേരളാ വാട്ടർ അതോറിറ്റി | പുല്ലൂർ പുളിഞ്ചോട് ആർ എസ് റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | നെഫ്റ്റ് ട്രാൻസ്ഫർ 09/11/2017 | 630000 | 0 | 630000 |
| കേരളാ വാട്ടർ അതോറിറ്റി | കപ്പാറ കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കലും ഫിൽട്ടറേഷനും | നെഫ്റ്റ് ട്രാൻസ്ഫർ 28/02/2018 & 31/03/2018 | 1700000 | 0 | 1700000 |
| കേരളാ വാട്ടർ അതോറിറ്റി | മഠത്തിക്കര റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | നെഫ്റ്റ് ട്രാൻസ്ഫർ 26/01/2018 | 100000 | 0 | 100000 |
| കേരളാ വാട്ടർ അതോറിറ്റി | വാർഡ് 3, 2, 16, 17, 4, 7 കുടിവെള്ള പൈപ്പ് ലൈൻ | നെഫ്റ്റ് ട്രാൻസ്ഫർ 09/11/2017 | 722000 | 0 | 722000 |

| | | | | | |
|---|---|---|---|---|---|
| | നീട്ടൽ | | | | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ നീട്ടൽ വാർഡ് 1, 2, 3, 5, 9, 13, 15, 16 | നെഫ്റ്റ് ട്രാൻസ്ഫർ 30/08/2017 & 27/09/2017 | 1418923 | 0 | 1418923 |
| ഭൂജല വകുപ്പ് | കർളിപ്പാടം കുടിവെള്ള പദ്ധതി | നെഫ്റ്റ് ട്രാൻസ്ഫർ 19/02/2018 & 21701119 തീ.24/3/2018 | 110000 | 0 | 110000 |
| കേരളാ വാട്ടർ അതോറിറ്റി | ആരംഭ നഗർ കുടിവെള്ള പദ്ധതി വാർഡ് 7 | നെഫ്റ്റ് ട്രാൻസ്ഫർ 09/03/2018 & 31/03/2018 | 1500000 | 0 | 1500000 |
| ഭൂജല വകുപ്പ് | ആമ്പിപ്പാടം കുടിവെള്ള പദ്ധതി | നെഫ്റ്റ് ട്രാൻസ്ഫർ 19/02/2018 | 110000 | 0 | 110000 |
| ഭൂജല വകുപ്പ് | കുറ്റിപ്പാടം കോളനി കുടിവെള്ള പദ്ധതി | നെഫ്റ്റ് ട്രാൻസ്ഫർ 19/02/2018 | 300000 | 0 | 300000 |
| ജലസേചന വകുപ്പ് | മുരിയാട് - ആനക്കല്ലിച്ചിറക്ക് ഷട്ടർ സംവിധാനം | 21701077 &നെഫ്റ്റ് ട്രാൻസ്ഫർ 09/03/2018 | 1125000 | 0 | 1125000 |
| കേരളാ വാട്ടർ അതോറിറ്റി | മണിയൻകുന്ന് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | നെഫ്റ്റ് ട്രാൻസ്ഫർ 09/03/2018 | 360000 | 0 | 360000 |
| നിർമ്മിതി കേന്ദ്ര | ഊരകം അംബേദ്കർ സ്റ്റേഡിയം പൂത്തീകരണം | നെഫ്റ്റ് ട്രാൻസ്ഫർ 27/03/2018 | 50000 | 0 | 50000 |

മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് വർക്കിനായി നൽകിയ 14,80,600/- രൂപ മുൻബാക്കിയായി അക്കൗണ്ട്സിൽ ഉൾപ്പെട്ടിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സ്ഥാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | | | ഇല്ല. | | | |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല .

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹70304980 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹66064165 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹9217923 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ആകെ | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8(iii) | 25000 | ഡോ. പ്രദീപ്. സി.എ,വെറ്ററിനറി സർജൻ |
| 3-9 | 9192923 | സജീവ് കുമാർ കെ.ബി, സെക്രട്ടറി |
| ആകെ | ₹9217923 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1994-95<br>1995-96 | കെ.എസ്.എ.ടി.എസ്.ആർ.പി.7-260/16 തീയ്യതി 27.2.2016/4.5.2016 ലെ ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 96-97 | |
| 97-98 | |
| 98-99 | |
| 99-00 | |
| 00-01 | എൽ.എഫ്.ടി.9-194/04/11.3.04 |

| | |
|---|---|
| 01-02 | എൽ.എഫ്.ടി.9-1645/04/1.3.05/7.7.05 |
| 00-01, 01-02 | എൽ.എഫ്.ടി.9-1730/03/20.2.04 |
| 02-03 | എൽ.എഫ്.ടി.16-1070/05/5.4.06 |
| 03-04 | എൽ.എഫ്.ടി.16-1894/06/8.2.07 |
| 04-05 | എൽ.എഫ്.ടി.16-63/09/15.12.09 |
| 05-06 | എൽ.എഫ്.ടി.16-1764/09/21.12.10 |
| 06-07 | എൽ.എഫ്.ടി.16-1765/09/21.12.10 |
| 07-08 | എൽ.എഫ്.ടി.പി.3-1919/11/25.2.12 |
| 08-09 | എൽ.എഫ്.ടി.പി.3-1913/11/25.2.12 |
| 09-10, 10-11 | എൽ.എഫ്.ടി.പി.3-1641/2012/05.3.13 |
| 11-12 | എൽ.എഫ്.ടി.പി.7-971/2013/22.11.13 |
| 12-13 | എൽ.എഫ്.ടി.പി.7-380/14/16.9.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ പി7- 1273/15/ 4.11.15/16.11.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ പി7-998/16/23.06.2016 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ പി7-1734/16 തി.22.11.16 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ പി7-1644/17 തി.24.11.17/7.02.17 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

തൃശ്ശൂർ ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്